DESPATCHED
22|11|21

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP No. 1199(2)/2019/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
(ഫയൽ നമ്പർ: 20517/SIC-G6/2019 )

## സന്നിഹിതൻ

## ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. മാത്യു എം.കെ,<br>മേനോം പറമ്പിൽ,<br>പൈസക്കരി (പി.ഒ),<br>പയ്യാവൂർ – 670 633. | പരാതി ഹർജിക്കാരൻ |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>എംപ്ലോയിമെന്റ് ഓഫീസർ,<br>എംപ്ലോയിമെന്റ് ഓഫീസ്<br>തളിപ്പറമ്പ്, കണ്ണൂർ – 670 141. | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 03/07/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 15/07/2019 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 11/12/2019 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 13/12/2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/03/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20/05/2020 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി :<br>സ്ഥലം : | 27/10/2021<br>ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാൾ, കണ്ണൂർ |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. മാത്യു എം.കെ, 11/12/2019 തീയതി സമർപ്പിച്ച പരാതി ഹർജി 13/12/2019 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 1199 (2)/2019/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി തെറ്റായ മറുപടിയാണ് ലഭ്യമാക്കിയത് എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 03/07/2019 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് തളിപ്പറമ്പ് എംപ്ലോയിമെന്റ് എക്സ്ചേഞ്ചിൽ 1989–ൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ടിയാനെക്കാൾ സീനിയോറിറ്റി കുറഞ്ഞ പലർക്കും വിവിധ സർക്കാർ വകുപ്പുകളിൽ എംപ്ലോയിമെന്റ് എക്സ്ചേഞ്ച് വഴി ജോലി നൽകിയതായി അറിയുന്നുവെന്നും ഇക്കാലയളവിൽ എന്തുകൊണ്ടാണ് ടിയാനെ ജോലിക്ക് പരിഗണിക്കാതെയിരുന്നതെന്നും സീനിയോറിറ്റി കുറഞ്ഞ എത്രപേർക്ക് ജോലി നൽകിയെന്നും കൂടാതെ ടിയാന് ഏതെങ്കിലും ജോലി നിയമനം ലഭിക്കാൻ സാധ്യത ഉണ്ടോ എന്നുമുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ 15/07/2019–ന് എതിർകക്ഷി മറുപടിയും നൽകിയിട്ടുണ്ട്.

4. എതിർകക്ഷി 20/05/2020–ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 11/07/1989 തീയതിയിൽ പത്താം തരം യോഗ്യത കണ്ണൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യുകയും പിന്നീട് തളിപ്പറമ്പ് ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രൂപീകൃതമായപ്പോൾ, ടിയാളുടെ മേൽവിലാസം തളിപ്പറമ്പ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ പരിധിയിലായതിനാൽ സീനിയോറിറ്റി നിലനിർത്തിക്കൊണ്ടുതന്നെ ടി കാര്യാലയത്തിലേക്ക് എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ മാറ്റുകയും ചെയ്തെന്നും, ക്രിസ്ത്യൻ ആർസി വിഭാഗത്തിൽ ഉൾപ്പെട്ട ടിയാളുടെ ജനനതീയതി 25/03/1972 എന്നുമാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത് കഴിഞ്ഞാൽ 3 വർഷം കൂടുമ്പോൾ രജിസ്ട്രേഷൻ പുതുക്കേണ്ടതാണെന്നും രജിസ്ട്രേഷൻ പുതുക്കേണ്ട കാലയളവിൽ ടിയാൻ പുതുക്കിയിരുന്നില്ലെന്നും പുതുക്കാത്തതിനെ തുടർന്ന് ടിയാളുടെ രജിസ്ട്രേഷൻ റദ്ദാവുകയും തുടർന്ന് സർക്കാരിന്റെ പ്രത്യേക പുതുക്കൽ ഉത്തരവ് പ്രകാരം സീനിയോറിറ്റി പുന:സ്ഥാപിച്ചു നേടുകയാണ് ചെയ്തതെന്നും നിലവിലെ നിയമപ്രകാരം പതിനാലാമത്തെ വയസ്സിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര്

രജിസ്റ്റർ ചെയ്യാമെന്നിരിക്കെ ടിയാൾ പതിനേഴാമത്തെ വയസ്സിൽ മാത്രമേ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളുവെന്നും ഇക്കാരണത്താൽ തന്നെ ടിയാൾക്ക് ലഭിക്കേണ്ടിയിരുന്ന തൊഴിലവസരങ്ങൾ സ്വഭാവികമായും കുറയാനും ഇടയായിയെന്നും പരാതിക്കാരൻ ഉന്നയിക്കുന്ന പ്രകാരം സീനിയോറിറ്റി മറികടന്ന് നാമ നിർദ്ദേശത്തിനായി പരിഗണിച്ചിട്ടുണ്ട് എന്നത് വാസ്തവ വിരുദ്ധമാണെന്നുമാണ് പ്രസ്താവിച്ചിട്ടുള്ളത്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഹർജിക്കാരൻ ആവശ്യപ്പെട്ട ലഭ്യമായ വിവരം ടിയാന് നൽകിയിട്ടുള്ളതാണെന്ന് കമ്മീഷന് ബോധ്യമാകുന്ന സാഹചര്യത്തിൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം **2021 ഒക്ടോബർ 29-ാം തീയതി** കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

AV